പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2927 29-10-2026-ൽ മറുപടിയ്ക്ക്

<u>ദേശീയപാത നിർമ്മാണം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. വിഷ്ണു മോഹൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന ദേശീയപാതകളുടെ വിവിധ റീച്ചുകളുടെ നിർമ്മാണം പൂർത്തിയാക്കി പൂർണമായും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സമയപരിധി ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> **വിശദാംശം അനുബന്ധം-എ (Annexure-A) ആയി ചേർത്തിരിക്കുന്നു.**

(ബി) ദേശീയപാതാ നിർമ്മാണം പുരോഗമിക്കുന്ന റീച്ചുകളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനും പ്രദേശവാസികളുടെ യാത്ര സുഗമമാക്കുന്നതിനുമായി പരാതികൾ ഉയർന്നിട്ടുള്ള പ്രദേശങ്ങളിൽ ആവശ്യമായ സർവീസ് റോഡുകളും അണ്ടർപാസുകളും ഉറപ്പാക്കുന്നതിന് ദേശീയപാതാ അതോറിറ്റിയുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>മറുപടി:</u> **ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗതീരുമാനപ്രകാരം പദ്ധതിയുടെ പരിധി മാറ്റുന്നത് സംബന്ധിച്ച (change of scope) പൊതുജനങ്ങളുടെ ആവശ്യങ്ങളുടെ പട്ടിക ശേഖരിച്ച്, ആ ആവശ്യങ്ങളുടെ അനിവാര്യതയും പ്രായോഗികതയും തമ്മിലുള്ള സന്തുലിതാവസ്ഥ പരിശോധിക്കുന്നതിനായി പ്രത്യേക യോഗം വിളിച്ചുചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.**

സാങ്കേതിക ആവശ്യകതകൾ, സ്ഥലത്തിന്റെ അവസ്ഥ, സാധ്യത പഠനം, റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആവശ്യമുള്ളടത്തെല്ലാം കൂടുതൽ സർവീസ് റോഡുകളും അണ്ടർപാസുകളും പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ പ്രാദേശിക ഗതാഗതസൗകര്യങ്ങളുമായി ബന്ധപ്പെട്ട അഭ്യർത്ഥനകളും പരാതികളും, അംഗീകൃത പ്രോജക്ട് ഡിസൈനും കരാർ വ്യവസ്ഥകളും അനുസരിച്ച് ദേശീയപാത അതോറിറ്റി ഓരോ കേസ് അടിസ്ഥാനത്തിൽ പരിശോധിച്ച് വരുന്നു. കൂടാതെ, അഡീഷണൽ പ്രവൃത്തികൾ പുതിയതായി ഉൾപ്പെടുത്തുന്നത് ഡിസൈൻ മാറ്റങ്ങൾക്കും, പുനർനിർമ്മാണത്തിനും, അധിക സാമ്പത്തിക ബാധ്യതയ്ക്കും വഴിവെക്കുകയും, ഇത് പദ്ധതികളുടെ പുരോഗതിയെയും സമയബന്ധിതമായ പൂർത്തീകരണത്തെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

Annexure-A

Sr. No	Name of Project	Length (km)	Anticipated Completion date	Physical progress (%)
1.	6-laning of Chengala to Neeleshwaram on NH-66	37.27	31.03.2027	92.2
2.	6-laning of Neeleshwaram to Thalipparamba on NH-66	40.11	31.03.2027	87.8
3.	6-laning of Thalipparamba to Muzhapilangadu on NH-66	29.95	30.04.2028	83.8
4.	6-laning of Azhiyur to Vengalam on NH-66	40.8	31.03.2028	68.3
5.	Balance work of widening of 4 nos existing 2 Lane major Bridge of Six-laning of Kozhikode Bypass (Calicut Bypass) (i.e. Vengalam Jn. to Ramanattukara	1.89	30.12.2026	72.4
6.	6-laning of Kappinikkad-Thalikulam of NH-66	33.17	30.06.2027	95.9
7.	6-laning of Thalikulam-Kodungallur of NH-66	28.84	30.06.2027	95.3
8.	6-laning of Kodungallur- Edapally of NH-66	26.03	31.05.2027	71.5
9.	Construction of 6 lane Elevated Corridor from Aroor to Thuravoor Thekku section of NH 66	12.75	06.01.2027	92.3
10.	6 Laning of Thuravoor Thekku – Paravoor section of NH-66	38.39	31.05.2027	82.7
11.	6 laning of Paravoor to Kottukulangara section of NH 66	37.5	30.11.2027	77.3
12.	6 laning of Kottukulangara to start of Kollam bypass section of NH 66	31.5	30.12.2027	77.4
13.	6 laning of Start of Kollam Bypass to Kadambattukonam of NH-66	31.25	30.06.2027	96.5
14.	6 laning of Kadambattukonam to Kazhakuttom of NH-66	29.83	31.05.2027	76.6
15.	Rectification of 4 Nos. black spots/Accident Spots in Thiruvananthapuram Bypass section of NH-66	2.42	31.03.2027	42.4
16.	Rectification of 11 Nos. black spots/Accident Spots in the stretch of Walayar-Angamaly section of NH-544	12.07	28.02.2027	73.6
17.	Widening/Development of existing NH-85	124.63	31.03.2027	87.7
18.	Construction of an underpass at km 184.850, supply & installation of Street lighting, Construction of Service roads and other miscellaneous works in Thalassery Mahe bypass on NH 66	1.13	31.05.2027	65.5
19.	Rectification of 17 Nos blackspot from Walayar to Angamaly in NH-544	17.25	31.03.2028	5.6
	GRAND TOTAL	**576.79 Km**		